**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 938** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കൃത്യവും സമയബന്ധിതവുമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പല പ്രധാനപ്പെട്ട റോഡുകളും തകരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വിവിധ utility agency കളുടെയും മറ്റും പ്രവർത്തനഫലമായി റോഡുകൾ സഞ്ചാരയോഗ്യമല്ലാതാകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കി നിർത്തുന്നതിനായി MoRTH ഫണ്ട് ഉപയോഗിച്ച് STMC /PBMC പദ്ധതികളിൽ ഉൾപ്പെടുത്തി അറ്റകുറ്റപണികൾ നടത്തുകയും Old NH ഉൾപ്പെടെയുള്ള റോഡുകളിൽ state ഫണ്ട് ഉപയോഗിച്ച് റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾ ചെയ്തുവരികയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളിൽ അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവൃത്തികളും തടസ്സപ്പെട്ടിട്ടില്ല.

**(ബി)** പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; വിശദമാക്കുമോ;

**<u>മറുപടി:</u>** തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കേണ്ടതില്ല എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 2013-ന് ശേഷം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ പുതിയ റോഡുകൾ ഏറ്റെടുക്കാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. MoRTH തീരുമാനമനുസരിച്ചാണ് പുതിയ റോഡുകൾ ദേശീയപാത ആയി ഏറ്റെടുക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നത്.

**(സി)** പൊതുമരാമത്ത് വകുപ്പ് പുതിയ റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

**<u>മറുപടി:</u>** G.O (Rt) 5/2012/PWD dated 07.01.2012, GO (MS) No.6/2013/PWD dated 15.01.2013 എന്നിവ പ്രകാരമാണ് അവസാനമായി തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. LSGD റോഡ്സ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. The road should have a minimum land with 8m
2. The road should pass through more than two Panchayath
3. The road should have regular bus traffic
4. The road should connect two important PWD roads and should serve as essential links for ensuring continuous traffic. The PWD shall decide whether such roads are essential link roads connecting important PWD roads.

തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കേണ്ടതില്ല എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 2013 ന ശേഷം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ പുതിയ റോഡുകൾ ഏറ്റെടുക്കാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. MoRTH തീരുമാനമനുസരിച്ചാണ് പുതിയ റോഡുകൾ ദേശീയപാത ആയി ഏറ്റെടുക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നത്.

**സെക്ഷൻ ഓഫീസർ**